# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2106 | 6.10.2016-ൽ മറുപടിയ്ക്ക്

## ടോളുകൾ നിർത്തലാക്കൽ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എം. സ്വരാജ് | | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ സീപോർട്ട്-എയർപോർട്ട് റോഡിൽ രണ്ടിടത്തും കുണ്ടന്നൂർ, തൃപ്പൂണിത്തുറ മിനി ബൈപ്പാസ് എന്നിവിടങ്ങളിലെ ടോൾ പിരിവ് അവസാനിപ്പിക്കണം എന്നാവശ്യപ്പെട്ട് ഏതെങ്കിലും അപേക്ഷ ലഭിച്ചിട്ടുണ്ടോ;എങ്കിൽ വിശദാംശം അറിയിക്കുമോ; | (എ) | വിവിധ വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു. |
| (ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മേൽ സൂചിപ്പിച്ച ടോളുകളിൽ ഏതെങ്കിലും നിർത്തലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;<br><br>(സി) എങ്കിൽഅവയുടെ വിശദാംശങ്ങൾ അറിയിക്കുമോ? | (ബി) & (സി) | കേരള പൊതുമരാമത്ത് വകുപ്പ് റോഡ്സ് വിഭാഗം ടോൾ പിരിവ് നടത്തി വന്നിരുന്ന തൃപ്പൂണിത്തുറ മിനി ബൈപാസ്-ലെ തട്ടപ്പിള്ളി ക്കാട്ടുപുഴ പാലത്തിന്റെ ടോൾ പിരിവ് 24/09/2016-ലെ സ.ഉ.(സാധാ.)നം. 1308/2016/പൊ.മ.വ പ്രകാരം 24/09/2016 അർദ്ധരാത്രി മുതൽ നിർത്തലാക്കിയിട്ടുണ്ട്. കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ പുതിയ മാനദണ്ഡങ്ങൾ പ്രകാരം100 കോടി രൂപയിൽ താഴെ നിർമ്മാണ ചെലവ് വരുന്ന പാലങ്ങൾ/റോഡുകൾ ടോളിൽ നിന്നും ഒഴിവാക്കിയ സാഹചര്യത്തിൽ 01/09/2016-ലെ S.O.2868(E) എന്ന ഗസറ്റ് നോട്ടിഫിക്കേഷൻ പ്രകാരം കുണ്ടന്നൂർ പാലത്തിനെ ടോൾ പിരിവിൽ നിന്നും പൂർണ്ണമായി ഒഴിവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ